# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.07.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **പൊതുപരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നത് ലക്ഷ്യമിട്ടുള്ള ബിൽ ഇന്ന് പാർലമെന്റിൽ അവതരിപ്പിക്കും.**

   **Bill to Prevent Examination Irregularities to Be Introduced in Parliament Today**

2. **രാജ്യത്ത് പരീക്ഷാ പരിഷ്കരണങ്ങൾക്കായി സാങ്കേതികവിദ്യാ വിദഗ്ധൻ നന്ദൻ നീലേക്കനി അധ്യക്ഷനായ ഉന്നതാധികാര ദൗത്യസേന രൂപീകരിച്ച് കേന്ദ്രസർക്കാർ.**

   **Centre Sets Up High-Level Task Force Led by Nandan Nilekani to Reform Examination System.**

3. **വികസിത ഗ്രാമങ്ങളാണ് വികസിത ഭാരതത്തിന്റെയും അടിത്തറയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. -വികസിത് വൈബ്രന്റ് വില്ലേജ് പരിപാടിയിൽ പങ്കെടുത്ത യുവജനങ്ങളുമായി പ്രധാനമന്ത്രി സംവദിച്ചു.**

   **Developed Villages are the Foundation of a Viksit Bharat, Says Prime Minister Narendra Modi; Interacts with Youth Participants of the Viksit Vibrant Village Programme.**

4. **സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ഈ വർഷവും ഹർ ഘർ തിരംഗ പരിപാടി തുടരാൻ ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി.**

   **Prime Minister Calls for Continued Participation in Har Ghar Tiranga Campaign Ahead of Independence Day.**

5. **കേരളത്തിൽ വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അഞ്ച് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**

   **Heavy Rain Likely in Kerala Over the Next Few Days; Yellow Alert Issued for Five Districts.**

6. **കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യയ്ക്ക് ആദ്യ സ്വർണം. ഭാരോദ്വഹനത്തിൽ സ്വർണ്ണമെഡൽ നേടിയ മീരാബായ് ചാനുവിനെ അഭിനന്ദിച്ച് രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ.**

   **India Wins Its First Gold at the Commonwealth Games. President, Vice President, Prime Minister and Others Congratulate Mirabai Chanu, Who Won the Gold Medal in Weightlifting.**

## PARLIAMENT BILL

പൊതു പരീക്ഷകളിലെ ക്രമക്കേടുകൾ തടയുന്നതിനുള്ള ഭേദഗതി ബിൽ ഇന്ന് ലോകസഭയിൽ കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് അവതരിപ്പിക്കും. 2024-ലെ പൊതു പരീക്ഷാ (ക്രമക്കേടുകൾ തടയൽ) നിയമം ഭേദഗതി ചെയ്യാനാണ് ബിൽ ലക്ഷ്യമിടുന്നത്. ദേശീയ ബഹുമതികളെ അവഹേളിക്കുന്നത്

തടയൽ (ഭേദഗതി) ബിൽ, 2026 കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് രാജ്യസഭയിൽ അവതരിപ്പിക്കുമെന്നാണ് റിപ്പോർട്ട്.

## RIJIJU – APPEAL

പരീക്ഷാ പരിഷ്കരണ ബില്ലിന്മേലുള്ള ചർച്ചയിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിച്ച് കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു. യുവതലമുറയുടെ അഭിപ്രായങ്ങളും വിദ്യാർത്ഥികളുടെ ഭാവിയും കണക്കിലെടുത്താണ് ബിൽ കൊണ്ട് വരുന്നതെന്ന് അദ്ദേഹം പറഞ്ഞു. ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനായി കർശനമായ ശിക്ഷാ വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

## PM EXAM TASK FORCE (INTRO)

സാങ്കേതികവിദ്യാ വിദഗ്ദ്ധൻ നന്ദൻ നിലേകനിയുടെ അധ്യക്ഷതയിൽ പരീക്ഷാ പരിഷ്കരണങ്ങൾക്കായി ഉന്നതാധികാര കർമ്മസമിതി രൂപീകരിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തെ പരീക്ഷാ സംവിധാനം ശക്തിപ്പെടുത്താൻ ടാസ്ക് ഫോഴ്സിന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തെ പരീക്ഷാ സംവിധാനം വിശ്വസനീയവും സുതാര്യവുമാണെന്ന്

ഉറപ്പാക്കുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ( വോയിസ്.....)

മുൻ ഐ.ബി. ഡയറക്ടർ തപൻ ദേക്ക, ISRO മുൻ ചെയർമാൻ എസ്. സോമനാഥ്, IIT മദ്രാസ് ഡയറക്ടർ വി. കാമകോടി, മുൻ വിദ്യാഭ്യാസ സെക്രട്ടറി അനിത കർവാൾ, ലോജിസ്റ്റിക്സ് വിദഗ്ദ്ധൻ അമൃത് ലാൽ മീണ എന്നിവരും സമിതിയിൽ അംഗങ്ങളാണ്.

## PM-VB VILLAGE

വികസിത ഗ്രാമങ്ങളാണ് വികസിത ഭാരതത്തിന്റെയും അടിത്തറയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 'വികസിത് വൈബ്രന്റ് വില്ലേജ്' പരിപാടിയിൽ പങ്കെടുത്ത യുവജനങ്ങളുമായി ഓൺലൈനായി സംവദിക്കുകയായിരുന്നു അദ്ദേഹം. നാനൂറിലധികം യുവജനങ്ങൾ പ്രധാനമന്ത്രിയുമായി അനുഭവങ്ങൾ പങ്കുവെച്ചു. ഇന്ത്യയിലെ ഗ്രാമങ്ങളിൽ ഇന്ന്, പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനും പ്രാദേശിക വരുമാന വർദ്ധനയ്ക്കും അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടതായും പ്രധാനമന്ത്രി പറഞ്ഞു.

## MKB-HAR GHAR TIRANGA

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ഈ വർഷവും ഹർ ഘർ തിരംഗ പരിപാടി ആവേശത്തോടെ മുന്നോട്ട് കൊണ്ടുപോകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഓഗസ്റ്റ് 15-ന് മുൻപായി MyGov പ്ലാറ്റ്ഫോമിലൂടെ വൈവിധ്യമാർന്ന ആശയങ്ങളും നിർദ്ദേശങ്ങളും പങ്കുവെക്കാൻ അദ്ദേഹം മൻ കി ബാത്തിലൂടെ ജനങ്ങളോട് ആഹ്വാനം ചെയ്തു.

## DELHI WOMEN-MINORITY COMMISSION

ഡൽഹിയിൽ വനിതാ - ന്യൂനപക്ഷ കമ്മീഷനുകളുടെ തലപ്പത്തേക്ക് പുതിയ നിയമനം. ഡൽഹി വനിതാ കമ്മീഷൻ അധ്യക്ഷയായി ലത ഗുപ്തയെയും ന്യൂനപക്ഷ കമ്മീഷൻ അധ്യക്ഷനായി നിർമ്മൽ ജെയിനെയും നിയമിച്ചു. വനിതകളുടെ അവകാശ സംരക്ഷണം ശക്തിപ്പെടുത്തുക, സ്ത്രീ ശാക്തീകരണത്തെ പിന്തുണയ്ക്കുക, ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുക എന്നിവയാണ് ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി രേഖ ഗുപ്ത വ്യക്തമാക്കി.

## KALAM KO SALAM

മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന കലാം കൊ സലാം ' രാജ്യവ്യാപക പ്രചാരണ പരിപാടിക്ക് ഇന്ന് തുടക്കമാകും. ബിജെപി ന്യൂനപക്ഷ മോർച്ചയുടെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.

പരിപാടിയുടെ ഭാഗമായി റാലികളും അനുസ്മരണ സമ്മേളനങ്ങളും നടക്കും. മൻ കി ബാതിന്റെ കഴിഞ്ഞ പതിപ്പിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് ഇതറിയിച്ചത്.

## PIB FACT CHECK

പാകിസ്ഥാനെയും പ്രതിഷേധങ്ങളെയും സംബന്ധിച്ച് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങിന്റെ വ്യാജ വീഡിയോ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്നതായി കേന്ദ്രസർക്കാർ. നിർമിതബുദ്ധി ഉപയോഗിച്ച് നിർമ്മിച്ച ഡീപ്ഫേക്ക് വീഡിയോ' ആണ് പ്രചരിക്കുന്നതെന്ന് പ്രസ് ഇൻഫോർമേഷൻ ബ്യൂറോയുടെ വസ്തുത പരിശോധന വിഭാഗം സ്ഥിരീകരിച്ചു.

## RESCHEDULED TRAIN

തിരുനെൽവേലി - ജാംനഗർ എക്സ്പ്രസ് ട്രെയിനിന്റെ സമയം പുനഃക്രമീകരിച്ച് ദക്ഷിണ റെയിൽവേ. ഇന്ന് രാവിലെ 5:10-ന് തിരുനെൽവേലിയിൽ നിന്ന് പുറപ്പെടേണ്ടിയിരുന്ന 19577 നമ്പർ തിരുനെൽവേലി - ജാംനഗർ ദ്വിവാര എക്സ്പ്രസിന്റെ സമയമാണ് ക്രമീകരിച്ചത്. ട്രെയിൻ രാത്രി 11:45-നു പുറപ്പെടും.

## RAMESH CHENNITHALA

ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല ഇന്ന് കാസർകോട് ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. ഓപ്പറേഷൻ തൂഫാൻ ജില്ലാതല ഉദ്ഘാടനം ആഭ്യന്തര മന്ത്രി നിർവ്വഹിക്കും.

## PATTOM THANUPILLA

സ്വാതന്ത്ര്യസമരസേനാനിയും സ്വതന്ത്ര കേരളത്തിന്റെ രണ്ടാമത്തെ മുഖ്യമന്ത്രിയുമായിരുന്ന പട്ടം എ. താണുപിള്ളയുടെ ചരമവാർഷിക ദിനത്തിൽ ഓർമ്മകൾ പുതുക്കി നാട്. പട്ടം താണുപിള്ള 1970 ജൂലൈ 27-നാണ് അന്തരിച്ചത്. 1948-ൽ തിരുവിതാംകൂറിലെ ആദ്യത്തെ പ്രധാനമന്ത്രിയായി ചുമതലയേറ്റ അദ്ദേഹം, പിന്നീട് തിരു-കൊച്ചി മുഖ്യമന്ത്രിയായും സേവനമനുഷ്ഠിച്ചു.

## RAIN KERALA

ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദത്തിൻറെ സ്വാധീനത്താൽ കേരളത്തിൽ വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം.

## ODISHA - RAIN

വടക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ തീവ്രന്യൂനമർദ്ദം രൂപപ്പെട്ടതിനെ തുടർന്ന് ഒഡീഷയിൽ ശക്തമായ മഴ തുടരുന്നു. സംസ്ഥാനത്തെ പല ജില്ലകളിലും അതിതീവ്ര മഴയ്ക്കുള്ള ജാഗ്രത നിർദേശങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. പലയിടത്തും പ്രളയസമാനമായ സാഹചര്യമാണുള്ളത്. കപാലി നദി കരകവിഞ്ഞൊഴുകി. ശക്തമായ കാറ്റിനും ഇടിമിന്നലിനും സാധ്യതയുള്ളതിനാൽ ജനങ്ങൾ അനാവശ്യ യാത്രകൾ ഒഴിവാക്കണമെന്നും സുരക്ഷിതരായിരിക്കണമെന്നും അധികൃതർ നിർദേശിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

## COMMONWEALTH GAMES (INTRO)

ഗ്ലാസ്ഗോയിൽ നടക്കുന്ന കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യയ്ക്ക് ആദ്യ സ്വർണം. വനിതകളുടെ 48 കിലോഗ്രാം ഭാരോദ്വഹനത്തിൽ മീരാബായ് ചാനുവാണ് സ്വർണ്ണമെഡൽ നേടിയത്. ചരിത്രവിജയം നേടിയ മീരാബായ് ചാനുവിനെ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ അഭിനന്ദിച്ചു. **വിശദാംശങ്ങളിലേക്ക്.....**

**( വോയിസ്.....)**

❋❋❋❋❋❋❋❋❋❋❋❋❋

## COMMONWEALTH GAMES (VOICE)

ആകെ 190 കിലോഗ്രാം ഉയർത്തി പുതിയ ഗെയിംസ് റെക്കോർഡോടെയാണ് മീരാബായ് ചാനു സ്വർണം

നേടിയത്. 2018-ലും 2022-ലും സ്വർണ മെഡൽ കരസ്ഥമാക്കിയ ചാനുവിന്റെ തുടർച്ചയായ മൂന്നാം കോമൺവെൽത്ത് ഗെയിംസ് സ്വർണ മെഡലാണിത്. ഭാരോദ്വഹനത്തിൽ പുരുഷന്മാരുടെ 60 കിലോഗ്രാം വിഭാഗത്തിൽ ചനംബം ഋഷികാന്ത സിംഗും 65 കിലോഗ്രാം വിഭാഗത്തിൽ രാജ മുത്തുപാണ്ടിയും വെള്ളി മെഡൽ നേടി. ഇതോടെ ഒരു സ്വർണവും രണ്ട് വെള്ളിയും ഒരു വെങ്കലവുമടക്കം ഇന്ത്യയുടെ ആകെ മെഡൽ നേട്ടം നാലായി. അതിനിടെ, പുരുഷന്മാരുടെ 55 കിലോഗ്രാം ബോക്സിങ്ങിൽ ജാദുമണി സിംഗും, വനിതകളുടെ 54 കിലോഗ്രാം വിഭാഗത്തിൽ പ്രീതി പവാറും ക്വാർട്ടർ ഫൈനലിൽ കടന്നു. **ന്യൂസ്ഡെസ്ക് ആകാശവാണി....**

## CRICKET

ഇന്ത്യ - സിംബാബ്‌വെ ട്വന്റി-20 ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്. ഇന്നലെ നടന്ന അവസാന മത്സരത്തിൽ സിംബാബ്‌വെയെ 35 റൺസിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ പരമ്പര സ്വന്തമാക്കിയത്. ഇന്ത്യ ഉയർത്തിയ 193 റൺസ് വിജയലക്ഷ്യം പിന്തുടർന്ന സിംബാബ്‌വെയ്ക്ക് നിശ്ചിത ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 157 റൺസെടുക്കാനേ സാധിച്ചുള്ളൂ. ഇതോടെ ഐ.സി.സി പുരുഷ ട്വന്റി-20 റാങ്കിംഗിൽ ഇന്ത്യ ഒന്നാം സ്ഥാനം തിരിച്ചുപിടിച്ചു.

## KARNATAKA-KPSC-INQUIRY

വെറ്ററിനറി ഓഫീസർമാരുടെ നിയമനത്തിൽ ക്രമക്കേടുകൾ നടന്നെന്ന ആരോപണത്തിൽ അന്വേഷണ സമിതിയെ നിയോഗിച്ച് കർണാടക പബ്ലിക് സർവീസ് കമ്മീഷൻ. KPSC ചെയർമാൻ ശിവശങ്കരപ്പ എസ്. സഹുകാർ, ചില ഉദ്യോഗസ്ഥർ, 29 ഉദ്യോഗാർത്ഥികൾ എന്നിവർക്കെതിരെ കേസെടുത്തതിന് പിന്നാലെയാണ് നടപടി. KPSC അംഗം ശകുന്തള ദുണ്ടിഗൗഡർ നയിക്കുന്ന സമിതിയോട് ഒരാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ മാസം 17-ന് പ്രസിദ്ധീകരിച്ച നിയമന പട്ടിക അന്വേഷണം പൂർത്തിയാകുന്നത് വരെ മരവിപ്പിച്ചു. നിയമനത്തിനായി 80 ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെടുന്നതായ ശബ്ദരേഖയും അന്വേഷണ പരിധിയിലുണ്ട്. വിഷയം അടുത്ത മാസം ആരംഭിക്കുന്ന നിയമസഭ സമ്മേളനത്തിൽ ഉന്നയിക്കുമെന്ന് ബിജെപി അറിയിച്ചു.